# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
* തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കഞ്ഞെടുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർട്ടുകളായി മാറ്റിയിട്ടുണ്ട്.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
* കുട്ടികളുടെ രചനകൾ ചേർത്ത് കഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സാംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : CMS LPS KARAPUZHA

ക്ലാസ് : 2 A

ക്ലാസ് ടീച്ചറുടെ പേര് : JESSY JACOB

ഉപജില്ല : Kottayam West

ജില്ല : Kottayam

## ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി-സ്വതന്ത്ര ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തീയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. വായനോത്സവം

12. ഭാഷോത്സവം

13. ഗണിത കേളികൾ

14. ഗണിത കിറ്റ്

15. പരീക്ഷണങ്ങൾ

16. ലഘു പ്രോജക്ട്

17. പരീക്ഷണ കിറ്റ്

18. രക്ഷിതാക്കൾക്ക് ശിൽപ്പശാല

19. വിജയ സ്പർശം

20. പാനീയമേള

21. ഭക്ഷ്യമേള

22. പലഹാര മേള

## പ്രവർത്തന കലണ്ടർ

### ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവ്വഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്

2. മലയാള മധുരം - ജൂൺ മുതൽ മാർച്ച്

3. സംയുക്ത ഡയറി-ജൂൺ മുതൽ മാർച്ച്

4. പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്

5. സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്

6. റീഡേഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്

7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ മുതൽ മാർച്ച്

8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ  മുതൽ മാർച്ച്

11. ഭാഷോത്സവം - ജനുവരി

12. ഗണിത കേളികൾ - ജൂൺ മുതൽ മാർച്ച്

13. ഗണിത കിറ്റ് - ജൂൺ മുതൽ മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ മുതൽ മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ ।

18. വിജയസ്പർശം - ജൂൺ മുതൽ  മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

## 1 ആമുഖം

എ.എം.എൽ.പി.സ്കൂൾ കളത്തിങ്ങൽപാറയിലെ 2025 - 26 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ്: എ ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേൻമ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 2 പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ-മാർച്ച്
3. സംയുക്ത ഡയറി-ജൂൺ-മാർച്ച്
4. പാട്ടരങ്ങ് - ജൂൺ -മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ -മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ - മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ - മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം

# 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

## - ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- _ പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

## - .- പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫിൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ )

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

ചുമതല : ക്ലാസ് ടീച്ചർ , CPTA , SRG

സാമ്പത്തികം : CPTA , BRC ( RS : 1000 )

## -9 - ക്ലാസ് പത്രം

- _ **ലക്ഷ്യപ്രസ്താവനകൾ**

- - - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠത തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

- _ **പ്രവർത്തന ഘട്ടങ്ങൾ**

- - ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു ( ജൂലൈ അവസാനം)

- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു ( ജൂലൈ അവസാനം)

- കണ്ടെത്തലുകളുടെ അവതരണം ( ജൂലൈ - മാർച്ച്)

- കൂട്ടെഴുത്ത് നടക്കുന്നു ജൂലൈ :- മാർച്ച്)

- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി) ചുമതല -ക്ലാസ് ടീച്ചർ - സാമ്പത്തികം - PTA (RS :1000)

## 11 വായനോത്സവം

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ (ക്രൂലൈ - മാർച്ച്)

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

CPTA , BRC (RS : 5000 )

## 10 - രചനോത്സവം

- ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.c ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

ചുമതല : ക്ലാസ്സ്ടീച്ചർ , CPTA

സാമ്പത്തികം : CPTA , BRC ( RS : 2000)

## 12 - ഭാഷോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.
- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

<u>ചുമതല</u> : ക്ലാസ്സ് ടീച്ചർ , CPTA , BRC

<u>സാമ്പത്തികം : SRG , CPTA ( RS : 3000 )</u>

## 13 ഗണിത കേളികൾ

**ലക്ഷ്യപ്രസ്താവനകൾ**

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

**പ്രവർത്തനങ്ങൾ**

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ് ടീച്ചർ

SRG

**സാമ്പത്തികം**

CPTA ,

SSK ( RS : 2000 )

## 14 ഗണിത കിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

ELPS മുഖേനെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

### പ്രവർത്തനങ്ങൾ

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

PTA

SSK ( RS : 3000 )

## 15 പരീക്ഷണങ്ങൾ

### ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

### പ്രവർത്തനങ്ങൾ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

CPTA

### സാമ്പത്തികം

SSK

PTA

( RS : 5000 )

# 16 ലഘു പ്രോജക്ട്

## ലക്ഷ്യപ്രസ്താവനകൾ

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക

## പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയുന്നു.

കാലയളവ് - ജൂൺ - മാർച്ച്

## ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

## സാമ്പത്തികം

PTA

SSK

(1000)

## 17 പരീക്ഷണക്കിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

### പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

സാമ്പത്തികം : CPTA , SSK

( RS : 2000 )

## 18 രക്ഷിതാക്കൾക്ക് ശില്പശാല

### ലക്ഷ്യപ്രസ്താവന

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠ ഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

### പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തം ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

കാലയളവ്

ജൂലൈ

ഒക്ടോബർ

ജനുവരി

### ചുമതലകൾ

SRG

HM

ക്ലാസ്ടീച്ചർ

### സാമ്പത്തികം

SSK

PTA

(8000)

## 19 വിജയ സ്പർശം

## ലക്ഷ്യ പ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

## പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

## ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

## സാമ്പത്തികം

PTA

SSK

(5000)

## 20 പാനീയമേള

## ലക്ഷ്യപ്രസ്താവനകൾ

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട്

കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരണമാണെന്ന് തിരിച്ചറിയുന്നതിന്

- ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

## -പ്രവർത്തനങ്ങൾ

- SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു

## ചുമതലകൾ

ക്ലാസ് ടീച്ചർ

HM

**സാമ്പത്തികം** CPTA ( RS : 1000 )

## 21 ഭക്ഷ്യമേള

ലക്ഷ്യപ്രസ്താവനകൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

## 22 പലഹാരമേള

ലക്ഷ്യപ്രസ്താവനകൾ

പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്

- അവ ഉണ്ടാക്കുന്ന വിധം മനസ്സിലാകുന്നതിന്

- ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

-പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാര മേള സംഘടിപ്പിക്കുന്നു

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

# CMS LPS KARAPUZHA
## CLASS III

## മലയാളം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും, വൈജ്ഞാനികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ചുവടുപിടിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുക എന്നതാണ് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ലക്ഷ്യമിടുന്നത്. ഇതിന് സാധ്യമാകുന്നതും നടപ്പിലാക്കാൻ സാധിക്കുന്നതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം: ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റുകൂടാതെ വായിക്കാനും എഴുതാനും പ്രാപ്തരാക്കൽ. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

പ്രവർത്തന പദ്ധതികൾ

* ജൂൺ
  - സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് 6 തീമുകളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ. (ഭാഷാപഠനം)
  - പ്രീ-ടെസ്റ്റ് നടത്തുന്നു.
  - അവലോകനം, ക്രോഡീകരണം.
  - വിവിധ നിലവാരക്കാരെ കണ്ടെത്തൽ
  - സിപിടിഎ. മീറ്റിങ്.
* ജൂലൈ
  - ചിത്രം വീഡിയോ കാണിക്കുന്നു.
  - വീഡിയോയിൽ കണ്ട കാര്യങ്ങൾ (പദസൃഷ്ടി)
  - മധുരം മലയാളം- വായന- ലേഖനം പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.
  - ST കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുടെ ആരംഭം. CPTA
* ആഗസ്റ്റ്
  - ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനുമുള്ള അവസരം ഒരുക്കുന്നു.
  - കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ എഴുതാനും പറയാനും ചെയ്യുന്നു.
  - വാക്യങ്ങൾ നിർമ്മിക്കുന്നു.
  - ഉച്ചഭക്ഷണത്തിന് ശേഷമുള്ള അധിക സമയം ST അവർ പഠനത്തിനും ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാനും ഉപയോഗപ്പെടുത്തുന്നു.
  - പത്രം, ബാലമാസിക, ലൈബ്രറി ഉപയോഗപ്പെടുത്തുന്നു. CPTA
* സെപ്റ്റംബർ
  - കഥകൾ സ്വന്തമായി വായിച്ചവതരിപ്പിക്കൽ (അസംബ്ലി)
  - കഥയിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ.
  - കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കൽ.
  - കഥ മറ്റ് വ്യവഹാര രൂപങ്ങളാക്കി മാറ്റി എഴുതൽ. (കവിത, സംഭാഷണം, നാടകം)
  - CPTA
* ഒക്ടോബർ
  - വലുതാകുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ. (മല, വലിയ മല, മരങ്ങളുള്ള വലിയ മല etc
  - ചിത്രത്തിലൂടെ വാക്യങ്ങൾ സ്വയം കണ്ടെത്തൽ, എഴുതൽ.
  - വ്യക്തിഗത രചനയിലേക്ക് പ്രവേശിക്കുന്നു.
  - ആസ്വാദന കുറിപ്പ് തയ്യാറാക്കൽ, അസംബ്ലിയിൽ അവതരണം CPTA

* നവംബർ
  - വിജ്ഞാന മേഖലയിലെ പ്രയോഗങ്ങൾ കണ്ടെത്തുന്നു. (eg: ചിഹ്നങ്ങൾ)
  - ചിഹ്നങ്ങൾ ഉറപ്പിക്കൽ.
  - പരിചിതമായ കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവ ചിഹ്നങ്ങൾ ചേർക്കാതെ നൽകി, ശരിയായ ചിഹ്നം ചേർക്കാനുള്ള അവസരം നൽകുന്നു.
  - ICT സാധ്യതകളുടെ അധിക പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുന്നു. CPTA
* ഡിസംബർ
  - ക്രിസ്മസ് ടെസ്റ്റിന് ഒരുക്കം നടത്തൽ.
  - പാഠഭാഗത്തിന്റെ അടിസ്ഥാനത്തിലുള്ള വായനയ്ക്ക് അവസരം ഒരുക്കൽ.
  - വായന കാർഡുകൾ ലൈബ്രറിയുടെ സഹായത്തോടെ വായിക്കൽ.
  - സ്വയം വായിക്കാനുള്ള അവസരം നൽകൽ.
  - ഉച്ചാരണ വ്യതിയാനങ്ങളിലൂടെ തെറ്റുകളെ മനസ്സിലാക്കി തിരിച്ചറിയൽ.
  - CPTA
* ജനുവരി
  - ചാർട്ടിൽ തയ്യാറാക്കിയ കഥകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. വായിക്കാനവസരം ഒരുക്കൽ.
  - കഥയിലെ കഥാപാത്രങ്ങൾ, കഥാസാരം.
  - ലളിതമായ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.
  - ചിത്രങ്ങൾ നിരീക്ഷിച്ച് കഥ നിർമ്മിക്കാൻ അവസരം ഒരുക്കുന്നു.
* ഫെബ്രുവരി
  - ICT സാധ്യത പ്രയോജനപ്പെടുത്തി കവിത, കഥ കാണിക്കുന്നു.
  - നിർദ്ദിഷ്ട വിഷയങ്ങളും, ചിത്രങ്ങളും ആധാരമാക്കി കഥ, കവിത രചിക്കുന്നു.
  - കഥ, കവിത പതിപ്പ് തയ്യാറാക്കുന്നു.
  - CPTA
* മാർച്ച്
  - പഠനോത്സവം.
  - വായന - ലേഖനം കുട്ടികളുടെ നിലവാരം സ്വയം വിലയിരുത്തൽ.
  - കുട്ടികളുടെ മികവുകൾ പ്രദർശനം.
  - മികവുകൾ അവതരിപ്പിക്കാൻ അവസരം നൽകൽ.

ENGLISH

AIM: To speak, read and write in English without any mistake.

Activities

* JUNE – JULLY
  - To check the vocabulary and writing skills of pupil.
  - Pre-Test.
  - To develop listening skills and reading skills.
  - Listening skills:
    - Games, Action songs
    - Hellow English Activities.
    - Conversation.
    - Skit, Stories use ICT
  - Speaking skills:
    - Identify the naming words from the picture.
    - Identify the action words from the picture.
    - Make the simple sentences using the action word from the pictures.
    - Make simple description about the pictures.
    - Growing sentences picture reading self introduction.

* AUGUST – SEPTEMBER

Develop the creative speaking and writing.

Reading skills:
- Books reading.
- Find [illegible]s.
- Collect and read past tense.
- Rhyming words.
- T.B Activities.

Writing skills:
- Make word web.
- Picture description.
- Word chain.
- Make words and sentences.
- Add more lines.

* OCTOBER – NOVEMBER

To express thoughts, fellings etc..

Reading skills:
- Reading library books.
- Conversations, skit, stories, use ICT
- Read notice.
- Develop stories.

* DECEMBER – JANUARY

Develop the creative speaking and writing.

Reading skills: GLPS PALVELICHAM

- Library books reading.
- Develop stories.
- Reads dairy.

Writing skills:

- Dairy
- Announcement.
- Prepare notice.

* FEBRUARY – MARCH

To improve the presentation power.

Reading skills:

- reads library books.
- Converation, skit, stories etc
- Develop story.

Writing skills:

- Dairy.
- Descriptions.
- Thoughts.
- Exhibition.

## ഗണിതം

സർവ്വ ശാസ്ത്രങ്ങളുടെയും വിദ്യാഭ്യാസ പദ്ധതിയിൽ പ്രത്യേകം ഊന്നൽ നൽകുന്ന വിഷയമാണ് ഗണിതം. ഗണിതത്തിന്റെ മികവും മേന്മയും കുട്ടികളിൽ സ്വായത്തമാക്കിയ ഗണിത ശേഷികൾക്ക് തെളിവും നല്ല തുടക്കം കുറിക്കാനും ഗണിത ശേഷികൾ ആർജ്ജിക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങളുടെ ആസൂത്രണം.

### ലക്ഷ്യങ്ങൾ

മുഴുവൻ കുട്ടികളും 1000 വരെയുള്ള സംഖ്യകൾ എഴുതാൻ, വ്യാഖ്യാനിക്കാൻ, പ്രായോഗിക പ്രശ്ന പരിഹാര ശേഷികൾ നേടി ചതുഷ്ക്രിയകൾ ഊഹിക്കാനും. മെട്രിക് അളവുകളുമായി ബന്ധപ്പെട്ട ധാരണ കൈവരിക്കുന്നതിനും.

### പ്രവർത്തനങ്ങൾ

* ജൂൺ
  - ഗണിത വിജ്ഞാനവുമായി ബന്ധപ്പെട്ട ഗെയിം.
  - രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
  - ഇരട്ടയായ സംഖ്യകൾ കണ്ടെത്തൽ (പാറ്റേൺ)
  - ആരോഹണ അവരോഹണ ക്രമത്തിൽ പറയൽ, എഴുതൽ.
  - പ്രീ-ടെസ്റ്റ്.
  - CPTA, വിലയിരുത്തൽ.
* ജൂലൈ
  - ഈർക്കിൽ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ത്രികോണം, ചതുരം, വൃത്തം എന്നിവ നിർമ്മിക്കുന്നു.
  - ചതുരം, വൃത്തം, ത്രികോണം ധാരണ വരുത്തുന്നു.
  - 999 വരെയുള്ള സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കുന്നു.
  - മൂന്നക്ക സംഖ്യകളെ അക്കങ്ങളായും, അക്ഷരങ്ങളായും എഴുതൽ, വ്യാഖ്യാനിക്കൽ. CPTA
  - കളിക്കോപ്പുകൾ നാണയങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
* ആഗസ്റ്റ്
  - വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഊഹിക്കൽ.
  - അബാക്കസ് തയ്യാറാക്കൽ
  - സംഖ്യകളെ അബാക്കസിൽ ചിത്രീകരിക്കൽ
  - ഓണവിപണി മാർക്കറ്റ് പ്രവർത്തനത്തിന്റെ ഭാഗമാകുന്നു. CPTA
  - 50 വീതം, 100 വീതം, 25 വീതം കൂട്ടി എഴുതൽ (മൂന്നക്ക സംഖ്യ)
* സെപ്റ്റംബർ
  - മൂന്നക്ക സംഖ്യകൾ ഉൾപ്പെടുന്ന ചതുഷ്ക്രിയകൾ.
  - സങ്കലനം, വ്യവകലനം
  - സംഖ്യാ ചാർട്ട് ഉപയോഗിച്ചുള്ള സങ്കലന-വ്യവകലന ക്രിയകൾ.
  - മൂന്നക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
  - CPTA

* ഒക്ടോബർ
    - സങ്കലനം- വ്യവകലനം ക്രിയകൾ ചെയ്ത് ശരിയുത്തരം നേടാൻ നിർദ്ദേശിക്കുന്ന രീതിയിൽ ധാരണ വരുത്തൽ.
    - ഉത്തരങ്ങൾ ശരിയാണോയെന്ന് പരിശോധിക്കുന്ന രീതി പരിചയപ്പെടൽ. CPTA
    - ഗണിത വിജ്ഞാന പ്രവർത്തനങ്ങൾ നടത്തൽ.
* നവംബർ
    - വിവിധ ക്രിയകളുടെ ഉത്തരങ്ങളിൽ നിന്നും ശരിയുത്തരം കണ്ടെത്തൽ.
    - സംഖ്യ ചാർട്ടിൽ നിന്നും ലഭിക്കുന്ന സംഖ്യകൾ ഉപയോഗിച്ച് ക്രിയകൾ ചെയ്ത് ഉത്തരം കണ്ടെത്തൽ. ICT പ്രയോജനപ്പെടുത്തുന്നു.
    - ഒറ്റ സംഖ്യകൾ ഉപയോഗിച്ച് പാറ്റേണിന്റെ ഉത്തരം കണ്ടെത്തുന്നു.
    - പാറ്റേൺ സ്വന്തമായി രൂപീകരിക്കൽ
    - മാന്ത്രിക ചതുര പ്രവർത്തനങ്ങൾ. CPTA
* ഡിസംബർ
    - നിശ്ചിത നിയമങ്ങൾ ഉപയോഗിച്ച് ഒറ്റ സംഖ്യകൾ രൂപീകരിക്കുന്നു.
    - നിയമങ്ങൾ ആവർത്തിക്കാത്ത ഒറ്റ സംഖ്യകൾ കണ്ടെത്തുന്നതിനുള്ള വഴികൾ. ICT സാധ്യത
    - ഒറ്റ സംഖ്യകൾ ഉപയോഗിച്ചുള്ള ഗണിത കേളികൾ
    - ക്ലസ്റ്റർ ടെസ്റ്റ് ആരംഭം.
* ജനുവരി
    - പണം ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.
    - കടകളോട് ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന രീതിയിൽ കളിക്കട ഒരുക്കൽ. (ചന്ത, ബസ്, കാന്റീൻ)
    - പ്രായോഗിക പ്രശ്നങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി നിർമ്മിക്കൽ - ചിത്രീകരിക്കുന്നത്.
* ഫെബ്രുവരി
    - മെട്രിക് അളവുകൾ പരിചയപ്പെടൽ.
    - അളവ് പാത്രങ്ങൾ, തുലാ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
    - സംഘമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ
    - ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.
* മാർച്ച്
    - ഗണിത വിജ്ഞാനം വിലയിരുത്തൽ.
    - റിവിഷൻ
    - ടേം പരീക്ഷ നടത്തിപ്പും
    - CPTA
    - പഠനോത്സവം.
    - മികവ് അവതരണം.

# പരിസര പഠനം

സമഗ്ര ഗുണമേന്മ പദ്ധതിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നല്കുന്ന വിഷയമെന്ന നിലയിൽ പരിസര പഠന പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയ പരീക്ഷണ- നിരീക്ഷണ മനോഭാവ മേഖലകളിൽ വളർത്തേണ്ടതുണ്ട്. വളർത്തിയെടുത്ത് പ്രവർത്തനങ്ങളിലൂടെ സാമൂഹിക സ്നേഹം പരിസ്ഥിതി സംരക്ഷണ എന്ന നിലയിൽ ഉത്തമ പൗരന്മാരാക്കുക എന്നതാണ് പ്രധാനം.

ലക്ഷ്യം: പരീക്ഷണ- നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി സൗഹൃദം വളർത്തി, വ്യക്തിശുചിത്വം പരിസരശുചിത്വം കൈവരുത്തി ശാസ്ത്ര വിഷയങ്ങളിൽ താല്പര്യവും അഭിരുചിയും വളർത്തുക.

## പ്രവർത്തനങ്ങൾ

* ജൂൺ - ജൂലൈ
  - സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട 6 തീമുകളെ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾ.
  - ക്വിസ്സ്.
  - CPTA - ബോധവൽക്കരണം
  - ബോധവൽക്കരണ ക്ലാസുകൾ.
  - ജീവികളുടെ പരസ്പരാശ്രയത്വം.
  - വ്യക്തിശുചിത്വം, പരിസരശുചിത്വം
  - പരിസ്ഥിതി ദിനം
  - വൃക്ഷത്തൈ നടൽ.
  - സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണവും പരിപാലനവും.
  - മഴക്കുഴി നിർമ്മാണം
  - ഡ്രൈ ഡേ. കൊതുക് നശീകരണം. CPTA
  - പ്ലാസ്റ്റിക് ശേഖരിച്ച് വിവിധ കരകൗശലങ്ങൾ ഉണ്ടാക്കൽ.
* ആഗസ്റ്റ് - സെപ്തംബർ
  - വ്യക്തിശുചിത്വം പരിശോധന
  - സ്കൂൾ, ക്ലാസ് റൂം, മുറ്റം, ടോയ്‌ലറ്റ്, തുടങ്ങിയ പരിസര ശുചിത്വം, വൃത്തി ഉറപ്പാക്കൽ.
  - ആവശ്യമായ സ്ഥലങ്ങളിൽ നിർദ്ദേശങ്ങൾ പതിക്കൽ. (വെള്ളം പാഴാക്കരുത്, ഇവിടെ തുപ്പരുത്... etc)
  - കൈ കഴുകൽ പരിശീലനം. CPTA
  - ആരോഗ്യം - ശുചിത്വം ബോധവൽക്കരണം.
  - ശുചിത്വ സന്ദേശങ്ങൾ തയ്യാറാക്കൽ.
* ഒക്ടോബർ - നവംബർ
  - മണ്ണിനെ അറിയാൻ
  - മണ്ണ് സംരക്ഷണ ദിനം.
  - ഫീൽഡ് ട്രിപ്പ്.
  - നാടിനെ അറിയാൻ - ഫീൽഡ് ട്രിപ്പ്.
  - ലഘു പരീക്ഷണങ്ങൾ
  - കൃഷി അറിവ്. CPTA
  - ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ
  - പ്രകൃതി സംരക്ഷണം - വിവിധ മാർഗങ്ങൾ.
* ഡിസംബർ -
  - റോഡ് നിയമങ്ങൾ പാലിക്കൽ
  - വാഹനത്തിൽ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
  - റോഡിലൂടെ നടക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ. CPTA. [illegible]

* ഫെബ്രുവരി – മാർച്ച്

- ദേശീയ ശാസ്ത്രദിനം.
- ശാസ്ത്ര കൗതുകം വളർത്തുന്ന പ്രവർത്തനങ്ങൾ.
- മികച്ച ശാസ്ത്രജ്ഞന്മാരുടെ സേവനം ഓർമ്മിക്കൽ.
- ആഹാരവും ആരോഗ്യവും.
- ഭക്ഷണ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
- ആരോഗ്യകരമായ ഭക്ഷണരീതി.
- കേരളത്തിന്റെ തനത് ഭക്ഷണ സംസ്കാരം തിരിച്ചറിഞ്ഞ് തിരിച്ച് പിടിക്കേണ്ട ആവശ്യം.
- ദേശീയ പക്ഷി നിരീക്ഷണ ദിനവുമായി ബന്ധപ്പെട്ട് പക്ഷിനിരീക്ഷണത്തിന് അവസരമൊരുക്കൽ.
- പരിസരങ്ങളിൽ കിളികൾക്ക് ദാഹജലം ഒരുക്കൽ.
- വിവിധ ആവാസ വ്യവസ്ഥകളുടെ സംരക്ഷണം.
- ജൈവ വിത്തുകൾ.
- ഭൂമി -- ആകൃതി, ഭ്രമണം, പരിക്രമണം.
- രാത്രിയും പകലും ഉണ്ടാകുന്നത്.
- ഉപ്പുപരീക്ഷണം.
- മിശ്രിതങ്ങളുടെ അവതരണം.
- CPTA
- പഠനോത്സവം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ (2025-26)

## ഗണിതം

- **ലക്ഷ്യങ്ങൾ:**

* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ കുട്ടികൾക്ക് ഉറപ്പുള്ളതാക്കുക.
* ഗണിതം നിത്യജീവിതത്തിൽ എങ്ങനെ ഉപയോഗിക്കാമെന്ന് മനസ്സിലാക്കിക്കൊടുക്കുക.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകുക.
* ഗണിതപരമായ ചിന്താശേഷി വളർത്തുക.

### മാസം തിരിച്ചുള്ള പ്രവർത്തനങ്ങൾ :-

- ജൂൺ:

പുനരവലോകനം , അടിസ്ഥാനകാര്യങ്ങൾ,

സംഖ്യകൾ, കൂട്ടൽ, കുറയ്ക്കൽ എന്നിവയുടെ പുനരവലോകനം.

പ്രവർത്തനങ്ങൾ :

* 1 മുതൽ 1000 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനും എഴുതാനും പരിശീലിപ്പിക്കുക.
* ലളിതമായ കൂട്ടൽ, കുറയ്ക്കൽ കണക്കുകൾ നൽകുക.
* ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുക.

- ജൂലൈ :

പ്രവർത്തനങ്ങൾ :

* നാലക്ക, അഞ്ചക്ക സംഖ്യകൾ വായിക്കാനും എഴുതാനും പഠിപ്പിക്കുക.
* സ്ഥാനവില (Place Value) എന്ന ആശയം ദൃഢമാക്കുക.
* സംഖ്യകൾ ഉപയോഗിച്ചുള്ള കളികളും പസിലുകളും നടത്തുക.

- ഓഗസ്റ്റ്:

പ്രവർത്തനങ്ങൾ:

* 2 മുതൽ 9 വരെയുള്ള ഗുണനപ്പട്ടിക (multiplication table) മനഃപാഠമാക്കാൻ സഹായിക്കുക.
* എളുപ്പത്തിൽ ഗുണനം നടത്താനുള്ള തന്ത്രങ്ങൾ പഠിപ്പിക്കുക.
* ഗുണനവുമായി ബന്ധപ്പെട്ട ലളിതമായ പ്രശ്നപരിഹാര ചോദ്യങ്ങൾ (Word Problems) നൽകുക.

- സെപ്റ്റംബർ:

പ്രവർത്തനങ്ങൾ:

* ഗുണനവുമായി ഹരണത്തിനുള്ള ബന്ധം മനസ്സിലാക്കിക്കൊടുക്കുക.
* ശിഷ്ടമുള്ളതും ശിഷ്ടമില്ലാത്തതുമായ ഹരണങ്ങൾ ചെയ്യാൻ പരിശീലിപ്പിക്കുക.
* ഹരണത്തെ അടിസ്ഥാനമാക്കിയുള്ള പ്രശ്നപരിഹാര ചോദ്യങ്ങൾ ചർച്ച ചെയ്യുക.

- ഒക്ടോബർ:

പ്രവർത്തനങ്ങൾ:

* ഒരു വസ്തുവിനെ തുല്യമായി ഭാഗിച്ച് ഭിന്നസംഖ്യകൾ മനസ്സിലാക്കാൻ സഹായിക്കുക. ഉദാഹരണത്തിന്, ഒരു കേക്ക്, പഴം എന്നിവ ഉപയോഗിക്കാം.

* ഭിന്നസംഖ്യകൾ എവിടെയെല്ലാം ഉപയോഗിക്കുന്നു എന്ന് ഉദാഹരണങ്ങളിലൂടെ പഠിപ്പിക്കുക.

- നവംബർ:

പ്രവർത്തനങ്ങൾ:

* മീറ്റർ, സെന്റിമീറ്റർ, കിലോഗ്രാം, ഗ്രാം എന്നിവ ഉപയോഗിച്ച് ക്ലാസ് മുറിയിലെ വസ്തുക്കൾ അളക്കുക.

* വിവിധ ജ്യാമിതീയ രൂപങ്ങൾ (വൃത്തം, ചതുരം, ത്രികോണം) വരയ്ക്കാനും അവയുടെ പ്രത്യേകതകൾ മനസ്സിലാക്കാനും അവസരം നൽകുക.

- ഡിസംബർ:

പ്രവർത്തനങ്ങൾ:

* ഘടികാരത്തിലെ സൂചികൾ ഉപയോഗിച്ച് സമയം കൃത്യമായി പറയാൻ പഠിപ്പിക്കുക.

* ഒരു മാസത്തിലെ ആഴ്ചകളും ദിവസങ്ങളും കണക്കാക്കാൻ പരിശീലിപ്പിക്കുക.

- ജനുവരി:

പ്രവർത്തനങ്ങൾ:

* നാണയങ്ങളും നോട്ടുകളും ഉപയോഗിച്ച് പണം കൈകാര്യം ചെയ്യാൻ പഠിപ്പിക്കുക.

* ലളിതമായ ഗണിത പാറ്റേണുകൾ കണ്ടെത്താനും പൂർത്തിയാക്കാനും ഉള്ള പ്രവർത്തനങ്ങൾ നൽകുക.

- ഫെബ്രുവരി:

പ്രവർത്തനങ്ങൾ:

* ക്ലാസ്സിലെ കുട്ടികളുടെ ഇഷ്ടവിനോദങ്ങൾ, നിറങ്ങൾ തുടങ്ങിയവ ശേഖരിച്ച് ഒരു ചിത്രഗ്രാഫ് ഉണ്ടാക്കുക.

* ഗ്രാഫുകൾ വായിക്കാനും അതിൽ നിന്ന് വിവരങ്ങൾ കണ്ടെത്താനും പരിശീലനം നൽകുക.

- മാർച്ച്:

പ്രവർത്തനങ്ങൾ:

* ഈ വർഷം പഠിച്ച എല്ലാ പാഠഭാഗങ്ങളും പുനരവലോകനം ചെയ്യുക.

* പഴയ ചോദ്യപേപ്പറുകൾ ഉപയോഗിച്ച് മാതൃകാ പരീക്ഷകൾ നടത്തുക.

* കുട്ടികളുടെ സംശയങ്ങൾ പരിഹരിക്കാൻ പ്രത്യേക ക്ലാസ്സുകൾ നൽകുക.

---

ഈ പ്ലാൻ കുട്ടികളിൽ ഗണിതത്തോടുള്ള താൽപ്പര്യം വളർത്താനും പഠനം കൂടുതൽ എളുപ്പമാക്കാനും സഹായിക്കുമെന്ന് കരുതുന്നു. പഠനത്തോടൊപ്പം കളികളും പ്രോജക്ടുകളും ഉൾപ്പെടുത്തുന്നത് കുട്ടികൾക്ക് കൂടുതൽ ഗുണം ചെയ്യും.

# CMSLPS KARAPUZHA
# Academic Master Plan (2025-26) STD 4
English

## Objectives:

To foster students' interest in learning the English language.

To develop fundamental language skills: **Listening, Speaking, Reading, and Writing**, in line with the Kerala curriculum.

To complete the units in the textbook within the stipulated time.

To make learning engaging and fun through various activities and projects.

Identifies keeps steps for responding to an emergency situations.

Describes the qualities and roles of everyday heroes

Prepare diary and notice using expressions suitable to the context.

Appreciates simple poems.

Respond to simple instructions in the classroom.

Familiarise with simple words.

### JUNE

- Guide students to construct their own simple sentences.
- Encourage conversations by asking questions based on the characters and events.
- Teach words that express different **emotions**.
- Teach new **vocabulary** words.

### JULY

- Teach words that express different **emotions**.
- Practice sequencing events from the story.
- Encourage students to tell the story using pictures.
- Teach students to read short paragraphs

### AUGUST

- Teach **synonyms** (words with similar meanings).
- Provide opportunities for students to listen to and narrate adventure stories.
- Guide students to identify the problem and its solution in the story.
- Practice writing a short paragraph (3-4 sentences) on a given topic.

- each words that express different **emotions**.
- Practice sequencing events from the story.
- Encourage students to tell the story using pictures.
- Conduct fun word games like 'Find the hidden word'.
- Encourage students to draw pictures related to the lesson.
- Conduct revision for the Mid-term examination

## SEPTEMBER

- Discuss the main themes
- Guide students to frame questions based on the situations.
- Practice writing a short **description** of a character from the story.
- Review learning activities from previous units
- Allow students to choose and read books from the classroom library.

## OCTOBER

- Conduct simple language-related games.
- Discuss the story and the humor in Unit
- Guide students to frame questions based on the situations.
- Teach new **vocabulary** words.

## NOVEMBER

- Practice writing 4-5 sentences
- Guide students to create their own sentences using new words.
- Use activity cards to make learning more engaging.
- Conduct a 'Show and Tell' activity. Give students a chance to speak in English about a favorite object.

## DECEMBER

Suggest books for students to read during the Christmas holidays.

- Encourage students to sing an English song.
- Practice writing a short description based on a picture.
- Conduct discussions and debates about the story.
- Introduce the concepts of **singular and plural**.

## JANUARY

**Discuss the moral values in the story from Unit 8.**

- Teach students how to frame simple questions.

# CMSLPS KARAPUZHA

## മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ (2025-26)

## STD 4

**ലക്ഷ്യങ്ങൾ:**

- വിദ്യാർത്ഥികളിൽ മലയാള ഭാഷാ പഠനത്തോടുള്ള താൽപര്യം വളർത്തുക.
- പാഠപുസ്തകത്തിലെ ആശയങ്ങൾ ഉൾക്കൊണ്ട് ഭാഷയിലെ അടിസ്ഥാന കഴിവുകളായ Listening (കേൾവി), Speaking (സംസാരം), Reading (വായന), Writing (എഴുത്ത്) എന്നിവ വികസിപ്പിക്കുക.
- പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും പഠനാനുഭവങ്ങൾ രസകരമാക്കുകയും ചെയ്യുക.
- മലയാളം ശൈലികൾ, ചൊല്ലുകൾ, വ്യാകരണപരമായ അടിസ്ഥാന കാര്യങ്ങൾ എന്നിവ പരിചയപ്പെടുത്തുക.

**ജൂൺ**

- പാഠപുസ്തകത്തിലെ ആദ്യ യൂണിറ്റിലെ കഥയും കവിതയും പരിചയപ്പെടുത്തുക.
- കഥയിലെ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും അടിസ്ഥാനമാക്കി ചോദ്യങ്ങൾ ചോദിച്ച് സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ലളിതമായ വാക്യങ്ങൾ സ്വന്തമായി പറയാൻ കുട്ടികളെ പരിശീലിപ്പിക്കുക.
- യൂണിറ്റുമായി ബന്ധപ്പെട്ട ഒരു കവിത ഈണത്തിൽ ചൊല്ലി പഠിപ്പിക്കുക.
- ചിത്രങ്ങൾ കാണിച്ച് അതിനെക്കുറിച്ച് സ്വന്തം വാക്കുകളിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.
- പഠനത്തിനായി ഫ്ലാഷ് കാർഡുകൾ ഉപയോഗിക്കുക.

**ജൂലൈ**

- യൂണിറ്റ് 2-ലെ പാഠഭാഗത്തിലെ വിവരണം ചർച്ച ചെയ്യുക.
- ചോദ്യരൂപത്തിലുള്ള വാക്യങ്ങൾ, ഉത്തരരൂപത്തിലുള്ള വാക്യങ്ങൾ എന്നിവ പരിചയപ്പെടുത്തുക.
- വ്യക്തിഗത പ്രവർത്തനത്തിൽ ഏർപ്പെടൽ
- കവിയെ പരിചയപ്പെടുത്തൽ
- കത്ത് തയ്യാറാക്കൽ
- സ്കൂൾ പരിസരത്തെ ഒരു മരത്തെക്കുറിച്ചോ ചെടിയെക്കുറിച്ചോ ഉള്ള വിവരണം ക്ലാസ്സിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുക.

**ഓഗസ്റ്റ്**

- പാഠഭാഗം പരിചയപ്പെടുത്തുക.
- ഒരു ദിവസത്തെ അനുഭവങ്ങൾ ഡയറിക്കുറിപ്പായി എഴുതാൻ പരിശീലിപ്പിക്കുക.
- ഡയറിക്കുറിപ്പ് തയ്യാറാക്കൽ
- ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ
- കത്ത് തയ്യാറാക്കൽ

- കഥ വായന

**സെപ്റ്റംബർ**

- സ്വന്തം അനുഭവങ്ങൾ എഴുതാൻ കുട്ടികളെ പ്രേരിപ്പിക്കുക.
- മുൻ യൂണിറ്റുകളിലെ പഠനപ്രവർത്തനങ്ങൾ വിലയിരുത്തുക.
- പത്രവാർത്ത തയ്യാറാക്കൽ
- കവിതാരചന
- പുതിയ വാക്കുകൾ ,പ്രയോഗങ്ങൾ
- വരികൾ കൂട്ടിച്ചേർക്കൽ

**ഒക്ടോബർ to മാർച്ച്**

- അക്ഷരകാർഡ് നൽകൽ
- പത്രവായന
- സാഹിത്യകാരന്മാരുമായുള്ള അഭിമുഖം
- കഥയരങ്ങ്
- എല്ലാ യൂണിറ്റുകളും ഒരുമിച്ച് റിവിഷൻ ചെയ്യുക.
- വിവിധതരം ചോദ്യോത്തരങ്ങൾ പരിശീലിക്കുക.
- എഴുത്തുപരീക്ഷകൾക്കായി കുട്ടികളെ തയ്യാറാക്കുക.
- കുട്ടികൾക്ക് ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ കണ്ടെത്തി കൂടുതൽ ശ്രദ്ധ നൽകുക.
- വാർഷിക പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തുക.
- കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുക.